18.	07.30	"	"	"
19.	08.00	"	"	"
20.	08.30	"	"	"
21.	06.00	ആലപ്പുഴ-ചങ്ങനാശ്ശേരി		
22.	06.25	"	ചെങ്ങന്നൂർ	
23.	07.00	"	ചങ്ങനാശ്ശേരി	
24.	07.20	"	ചെങ്ങന്നൂർ	
25.	07.15	"	ആറാട്ടുപുഴ-എറണാകുളം	
26.	08.00	"	റാന്നി	
27.	05.50	"	തകഴി-ഗുരുവായൂർ	
28.	15.20	"	തെങ്കാശി	
29.	07.00	"	പുന്ന-കുന്നത്തുശ്ശേരി എറണാകുളം	

(ബി) 2 എണ്ണം.

1.	06.05	ആലപ്പുഴ-കോയമ്പത്തൂർ	
2.	15.20	"	തെങ്കാശി

(സി) 65 എണ്ണം.

(ഡി) ഉണ്ട്.

(ഇ) ബന്ധപ്പെട്ട സംസ്ഥാനങ്ങൾ തമ്മിലുള്ള ഉടമ്പടി അനുസരിച്ച് മാത്രമേ അന്തർ സംസ്ഥാന സർവ്വീസുകൾ തുടങ്ങാൻ സാധിക്കുകയുള്ളൂ. മറ്റു സർവ്വീസുകൾക്ക് ബസ്സിന്റെ കുറവ് നികത്തി യാത്രാക്ലേശം കുറയ്ക്കുന്നതിന് ശ്രമിക്കുന്നതാണ്.

(എഫ്)&(ജി) ആലപ്പുഴ ബസ് സ്റ്റേഷനിൽ നിന്നും 2 അന്തർ സംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെ 29 ദീർഘദൂര സർവ്വീസുകളും 65 സിറ്റി ലോക്കൽ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കോർപ്പറേഷന്റെ മറ്റു യൂണിറ്റുകളിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന ധാരാളം സർവ്വീസുകൾ ആലപ്പുഴ വഴിയുണ്ട്. ആലപ്പുഴ എം.എൽ.എ. നൽകിയ നിവേദനം പരിഗണിച്ച് യാത്രാക്ലേശം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

അയർകുന്നം-കൊഴുവനാൽ വഴി കോട്ടയം-പാല ബസ് സർവീസ്

65 (345) <u>ശ്രീ. ഉമ്മൻ ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം-പാലാ-അയർകുന്നം-മണ്ണാമറ്റം, ..., കൊഴുവനാൽ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് ആരംഭിക്കണമെന്നുള്ള നിവേദനം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ റൂട്ടിൽ സർവ്വീസ് നടത്തുവാൻ ആവശ്യമായ നിർദ്ദേശം കെ.എസ്.ആർ.ടി.സി. ക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) പ്രസ്തുത റൂട്ട് ദേശസാൽകൃത മേഖലയിലല്ലാത്തതി നാലും ബസ്സുകളുടെ അഭ്യാപ്തതമൂലവും സർവ്വീസ് തുടങ്ങാൻ തൽക്കാലം നിർവ്വാഹമില്ല.

ഒല്ലൂർ മേൽപ്പാലത്തിലൂടെയുള്ള വാഹനഗതാഗതം

66 (346) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ മേൽപ്പാലം വാഹന ഗതാഗതത്തിന് തുറന്നു കൊടുത്ത സാഹചര്യത്തിൽ ഈ വഴിയിലൂടെ തൃശ്ശൂർ നിന്നും തൃപ്രയാറിലേയ്ക്കും തൃശ്ശൂർ നിന്നും കൊടുങ്ങല്ലൂരിലേയ്ക്കും പുതിയ ട്രാൻസ്പോർട്ട് ബസ്സ് സർവീസ് നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) തൃശ്ശൂർ നിന്ന് രാത്രി 9 മണിക്കുശേഷം ഇരിങ്ങാലക്കുട, കൊടു ങ്ങല്ലൂർ, തൃപ്രയാർ പ്രദേശങ്ങളിലേയ്ക്ക് ട്രാൻസ്പോർട്ട് ബസ്സ് സർവീസ് നട ത്തുന്നതിന് നടപടി എടുക്കുമോ;

(സി) തൃശ്ശൂർ നിന്ന് ഒല്ലൂർ, ആമ്പല്ലൂർ വഴിപോകുന്ന ചില കെ.എസ്. ആർ.ടി.സി. ബസ്സുകൾ രാത്രി 9 മണിക്കുശേഷം കൂർക്കഞ്ചേരി, ഊരകം, കരു വന്നൂർ, ഇരിങ്ങാലക്കുട വഴി ചാലക്കുടി ദേശീയ പാതയിലൂടെ സർവ്വീസ് നട ത്തുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പ്രസ്തുത റൂട്ടുകൾ ദേശസാൽകൃത മേഖലയിൽപ്പെടുന്നതല്ല. ദേശസാൽകൃത മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനാണ് കോർപ്പറേഷൻ മുൻതൂക്കം നൽകുന്നത്. വാഹന ദൗർലഭ്യം കാരണം ദേശ സാൽക്കരിക്കാത്ത മേഖലകളിൽ പുതിയ സർവ്വീസുകൾ തുടങ്ങാൻ ബുദ്ധിമു ട്ടുണ്ട്. എന്നാലും ഈആവശ്യം പരിശോധിക്കുന്നതാണ്.

(ബി) ഈ റൂട്ടുകൾ ദേശസാൽകൃത മേഖല അല്ലാത്തതുകൊണ്ടും വാഹന ദൗർലഭ്യവും കാരണം രാത്രി 9 മണിക്ക് ശേഷം സർവ്വീസ് നടത്തുന്ന തിന് നിർവ്വാഹമില്ല.

(സി) രാത്രി 9 മണിക്ക് ശേഷം ഒരു റൂട്ടിലൂടെ ലാഭകരമായി സർവ്വീ സുകൾ നടത്താൻ സാധിക്കാത്തതിനാൽ ഈ നിർദ്ദേശം പരിഗണിക്കുവാൻ നിർവാഹമില്ല.

സംസ്ഥാനത്ത് ഹോവർ ക്രാഫ്റ്റ്-ട്രാം സർവ്വീസുകൾ തുടങ്ങാൻ പദ്ധതി

67(352) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഗതാഗത മാർഗ്ഗങ്ങൾക്ക് പുറമേ മറ്റേതെങ്കിലും ഗതാഗത സംവിധാനങ്ങൾ ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എന്താണ് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly